രൂപ വരെയുള്ള ഹ്രസ്വകാല വായ്പകളിൽ വായ്പാളുകയിൽ നിലനിൽക്കുന്ന മുതൽ ളുക അളുവരെയുള്ള പലിശ സഹിതം തിരിച്ചടയ്ക്കേണ്ട തീയതി മുതൽ ഒരു വർഷത്തിനകം ഒന്നായി തിരിച്ചടയ്ക്കുകയാണെങ്കിൽ, തിരിച്ചടയ്ക്കേണ്ടിയിരുന്ന തീയതി മുതൽ, മുതൽ ളുക തിരിച്ച് അടച്ച തീയതി വരെ പലിശ ഇളവ് അനുവദിച്ചുകൊണ്ട് 22-11-2013-ലെ 739/2013/സഹ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനനുസൃതമായി സഹകരണ സംഘം രജിസ്ട്രാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നൽകുകയും സഹകരണ വകുപ്പിന്റെ ഔദ്യോഗിക മാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ജില്ല/താലൂക്ക് തലത്തിൽ നടന്ന പ്രാഥമിക വായ്പാ സഹകരണ സംഘം സെക്രട്ടറിമാരുടെ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) 2012-13 വർഷത്തിൽ അനുവദിച്ച വായ്പകളുടെ തിരിച്ചടവ് കാലാവധി 2013-14 വരെ ആണെങ്കിലും ടി സർക്കാർ ഉത്തരവ് പ്രകാരം ളുക തിരിച്ചടയ്ക്കുന്ന കാലാവധി 3/2015 വരെയാണ്. ടി കാലാവധി പൂർത്തിയായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപടികൾ സംഘങ്ങൾ സ്വീകരിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(ജി) 22-11-2013-ലെ സ.ഉ. (സാധാ)നമ്പർ 739/2013/സഹ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്വാസ് 2012 പദ്ധതി

100 (4091) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പ്രഖ്യാപിച്ച ആശ്വാസ്-2012 പദ്ധതി നിലവിലുണ്ടോ;

(ബി) പദ്ധതി പ്രവർത്തനക്ഷമമാണെങ്കിൽ വിശദീകരിക്കുമോ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കി വരുന്നതെന്ന് വിശദമായി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആശ്വാസ് 2012 പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി&സി) 2012 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിലായി നടപ്പിലാക്കിയ ഈ പദ്ധതി സഹകരണ വായ്പാ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതോടൊപ്പം സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും ലക്ഷ്യമിട്ടിരുന്നു. വായ്പയിൽ ഇളവുകൾ അനുവദിച്ചു നൽകിയതിലൂടെ കുടിശ്ശികയായ കാർഷിക വായ്പകളിൽ 7.39 കോടി രൂപയും കാർഷികേതര വായ്പയിലൂടെ 46.09 കോടി രൂപയുമടക്കം ആകെ 53.48 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly